# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: MPM10/2140/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: MPM10/2140/2021 തീയ്യതി: 02/02/2022

## മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-06-2019 മുതൽ 26-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2021 | 10-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-11-2021 | 10-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ്.പി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ. ദിനേശൻ.എം., ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് സിയാദ്.പി.പി., അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ

ശ്രീ. ബീജേഷ്.എ.എസ്.,ഓഡിറ്റർ

ശ്രീ മുഹമ്മദ് നൗഷാദ്.എ.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സഫിയ റസാഖ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീ വിജിത് ടി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി ബൽക്കീസ് ചീരോത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 03-05-2020 |
| ശ്രീ സുമേഷ് കെ | സെക്രട്ടറി | 04-05-2020 | 02-09-2020 |
| ശ്രീമതി ബൽക്കീസ് ചീരോത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2020 | 04-10-2020 |
| ശ്രീ സുമേഷ് കെ | സെക്രട്ടറി | 05-10-2020 | 27-12-2020 |
| ശ്രീമതി ബൽക്കീസ് ചീരോത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-12-2020 | 14-02-2021 |
| ശ്രീ സുമേഷ് കെ | സെക്രട്ടറി | 15-02-2021 | 03-03-2021 |
| ശ്രീമതി ബൽക്കീസ് ചീരോത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബൽക്കീസ് ചീരോത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ഗിരിജ എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സൈറാഭായി കെ.ജെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സരിത വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ഷീജ ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ സിജിൻ കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി രമ്യ രവീന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ ബിപിൻ എൻ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Suresh.P (Audit Officer, On 10-12-2021) | 1-1 |
| 2 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച<br>Written By: Suresh.P (Audit Officer, On 10-12-2021)<br>Last Updated By: Suresh.P (Audit Officer, On 11-12-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Mohammed Noushad A K (Auditor, On 09-12-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Mohammed Noushad A K (Auditor, On 09-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Suresh.P (Audit Officer, On 11-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Mohammed Noushad A K (Auditor, On 09-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Suresh.P (Audit Officer, On 11-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Suresh.P (Audit Officer, On 11-12-2021) | 1-10 |
| 12 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Bijesh A S (Auditor, On 13-12-2021)<br>Last Updated By: Bijesh A S (Auditor, On 13-12-2021) | 1-11 |
| 13 | ഡി&ഒ ലൈസൻസ് - ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തിയില്ല, ലൈസൻസ് ഫീസിന്റെ മാനദണ്ഡം വ്യക്തമല്ല.<br>Written By: Mohammed Noushad A K (Auditor, On 12-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല- അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 12-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-13 |

| | | |
|---|---|---|
| 15 | ഹരിതം മധുരം സെയിൽസ് ഔട്ട്ലറ്റുകൾ - തുടർനടപടി സ്വീകരിക്കുന്നില്ല.<br>Written By: Mohammed Noushad A K (Auditor, On 12-12-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-14 |
| 16 | മരുന്നുകൾ ലഭ്യമാവാത്തത്<br>Written By: Suresh.P (Audit Officer, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 21-01-2022) | 1-15 |
| 17 | ലാപ് ടോപ്പ് വാങ്ങൽ - അപാകതകൾ<br>Written By: Suresh.P (Audit Officer, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-16 |
| 18 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - അധികം നല്കിയ തുക തിരിച്ചീടാക്കേണ്ടതാണ്<br>Written By: Suresh.P (Audit Officer, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-17 |
| 19 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗവിവരങ്ങൾ<br>Written By: Suresh.P (Audit Officer, On 10-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-18 |
| 20 | വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Suresh.P (Audit Officer, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-19 |
| 21 | തെരുവ് വിളക്ക് സ്ഥാപിക്കൽ - നിർവഹണത്തിലെ അപാകതകൾ<br>Written By: Suresh.P (Audit Officer, On 10-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-20 |
| 22 | വെള്ളക്കരം:സംയുക്ത പരിശോധന നടത്തേണ്ടതാണ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 10-12-2021)<br>Last Updated By: P.P. Muhammed Ziyad (Asst. Audit Officer, On 10-12-2021) | 1-21 |
| 23 | മൃഗാശുപത്രി മരുന്ന വാങ്ങൽ:അപാകത<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-22 |
| 24 | ഇ ടെണ്ടർ - ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കേണ്ടതാണ്<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-23 |
| 25 | KCWWF വിഹിതം അടവാക്കിയത് - കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-24 |
| 26 | കടക്കാട്ട് പുരക്കൽ എസ്.സി.കോളനി റോഡ് ടാറിംഗ് - പ്രവൃത്തി ബില്ലിൽ നിന്നും സി.ജി.എസ്.ടി (ടി.ഡ്.എസ്) കുറവ് വരുത്തിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-25 |
| 27 | കടക്കാട്ട് പുരക്കൽ എസ്.സി.കോളനി റോഡ് ടാറിംഗ് - പ്രവൃത്തി ബില്ലിൽ നിന്നും എസ്.ജി.എസ്.ടി (ടി.ഡ്.എസ്) കുറവ് വരുത്തിയിട്ടില്ല.<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-26 |
| 28 | കാവുക്കും പാടം കൾവർട്ട് പുന:ർ നിർമ്മാണം - പിഴ ഈടാക്കിയതിൽ കുറവ് വന്ന 12072 രൂപ ഈടാക്കേണ്ടതാണ്.<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-27 |
| 29 | അങ്കണവാടികളുടെ നവീകരണം - ഷീറ്റ് റൂഫിംഗ് - 9376 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല. | 1-28 |

| | | |
|---|---|---|
| | Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | |
| 30 | എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രൊജക്ടുകളുടെ നിർവ്വഹണം - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാർക്ക് അനുവദിച്ച തുകകളിൽ നിന്നും എസ്.ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-29 |
| 31 | എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രൊജക്ടുകളുടെ നിർവ്വഹണം - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാർക്ക് അനുവദിച്ച തുകകളിൽ നിന്നും സി.ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല.<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-30 |
| 32 | സുഭിക്ഷ കേരളം പദ്ധതി - തരിശു ഭൂമി നെൽ കൃഷിക്ക് ഉപയുക്തമാക്കിയത് - ഭൂ ഉടമസ്ഥർക്ക് ധനസഹായം അനുവദിച്ചിട്ടില്ല.<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Abdul Rasheed MP (Asst. Audit Officer, On 31-01-2022) | 1-31 |
| 33 | വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Bijesh A S (Auditor, On 13-12-2021)<br>Last Updated By: Bijesh A S (Auditor, On 13-12-2021) | 1-32 |
| 34 | സ്കൂളുകൾക്ക് മിനി എം.സി.എഫ് - അക്രഡിറ്റഡ് ഏജൻസിയുടെ അംഗീകാരം സംബന്ധിച്ച്<br>Written By: Bijesh A S (Auditor, On 01-02-2022)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അങ്കണവാടികളുടെ നവീകരണം - ഷീറ്റ് റൂഫിംഗ് - 9376 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: M Dinesan (Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 31-01-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 31-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mohammed Noushad A K (Auditor, On 09-12-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-12-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| | Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-12-2021) | |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Mohammed Noushad A K (Auditor, On 10-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Suresh.P (Audit Officer, On 11-12-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 02-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mohammed Noushad A K (Auditor, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 31-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ 23.03.2020 തിയതിയിലെ 1 നമ്പർ തീരുമാനപ്രകാരം കരട് ബജറ്റ് അംഗീകരിച്ച് സമർപ്പിക്കാൻ തീരുമാനിക്കുകയും ഭരണസമിതിയുടെ 27.03.2020 ലെ സാധാരണ യോഗത്തിലെ തീരുമാനം 1 പ്രകാരം അംഗീകരിക്കുകയും ചെയ്തു. ഭരണസമിതിയുടെ 24.03.2021 ലെ 6(2) തീരുമാനപ്രകാരം 2020-21 വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു.

### 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. ചില നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപനമേധാവികളുടെ യോഗം വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15ന് മുൻപ് | യോഗം വിളിച്ചുചേർത്തിട്ടില്ല |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് | പഞ്ചായത്ത് സെക്രട്ടറിയുടെ AO.406/14 Dt. 29.01.20 നമ്പർ കത്ത് പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പക്കുന്നതിന് കത്ത് നല്കി. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, ആയുർവേദം), ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് എഞ്ചിനീയർ, വെറ്റിനറി സർജൻ എന്നിവർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംങ കമ്മിറ്റി എന്നിവർ 09.03.20 നും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 10.03.2020 നും നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കാൻ തീരുമാനിച്ചു |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.03.2020 തീയതിയിലെ തീരുമാന നം. 1 പ്രകാരം കരട് ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിച്ചു. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി | മാർച്ച് 7-ന് മുൻപ് | 27.03.2020- ൽ സാധാരണ യോഗം 10.30 ന് ചേർന്ന് ചർച്ച ചെയ്തു. |

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | | |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | 27.03.2020- ലെ ഭരണസമിതിയുടെ സാധാരണ യോഗം 2pm ന് ചേർന്ന് തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് അംഗീകരിച്ചു. |

ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 29-06-2021 | _ | _ |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | വർഷം 2020-21 |
|---|---|
| മുന്നിരിപ്പ് | 14236102.9 |
| വരവ് | 79265176 |
| ആകെ | 93501278.90 |
| ചെലവ് | 70419730 |
| നീക്കിയിരിപ്പ് | 23081548.90 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12325425 | 12325425 | 12220158 | 105267 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 8390102 | 8390102 | 8044233 | 345869 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 11647000 | 11647000 | 11631041 | 15959 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4204043 | 4204043 | 3833633 | 370410 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16319283 | 16319283 | 7633413 | 8685870 |
| ബി ഫണ്ട് | 0 | 60647000 | 60647000 | 60647000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | (എണ്ണം) | തുക | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | പ്രോജക്ടുക ളുടെ % |
|---|---|---|---|---|---|---|
| 258 | 78253924 | 104 | 54869626 | 0 | 154 | 40.31% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2084 | 1995011 | 1997095 | 1997094 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30438611 | 30438611 | 30438611 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 5304800 | 277 |
| വിധവാപെൻഷൻ | 16115100 | 904 |
| വാർദ്ധക്യകാലപെൻഷൻ | 31302100 | 2054 |
| വികലാംഗപെൻഷൻ | 6615000 | 365 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1190000 | 67 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2021 ന് 10.45 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതാത് ദിവസം തന്നെ ബാങ്കിലടവാക്കിയിരുന്നതിനാൽ പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്. അറ്റൻഡൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ ആയതിന്റെ കൃത്യത ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതുണ്ട്. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിലും ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി.രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. ജി.ഒ(പി)177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പ

വരുത്തേണ്ടതാണ്. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമമറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കാൻ കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവുകണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ടരേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ചു കാണുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 | 10/2021 | 23.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-11-2018 മുതൽ 28-11-2018 വരെ | 2013-14 മുതൽ 2017-18 വരെ | 07-01-2019 |

## 1-11 വാർഷികകണക്ക് പരിശോധന - അപാകതകൾ

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തനത് ഫണ്ടിന്റെ (TSCB) റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ കാണുന്ന ചെക്കുകൾ പഞ്ചായത്തിൽ നിന്നും നൽകുകയും എന്നാൽ എൻകാഷ് ചെയ്യാതെയും കാണുന്നുണ്ട്.

| ചെക്ക് നം. | തീയ്യതി | തുക |
|---|---|---|
| 76717 | 17.08.20 | 375 |
| 75778 | 14.05.20 | 3152 |
| | ആകെ | 3527 |

കാലാവധി കഴിഞ്ഞ ചെക്കുകളെ സ്റ്റേൽ ചെക്ക് (Stale Cheque) എന്ന ഹെഡിലേക്ക് മാറ്റേണ്ടതുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ഈ ഹെഡിൽ (Schedule B-9) നിലവിൽ 700/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. KWA-ക്ക് കഴിഞ്ഞ വർഷങ്ങളിൽ മുൻകൂർ നൽകിയ ഇനത്തിൽ 1,22,97,500/- രൂപ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട് (Schedule B-18). എന്നാൽ ഇതിന്റെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല.

അതുപോലെ KSEB-ക്ക് മുൻകൂർ ഇനത്തിൽ 15,61,849/- രൂപ ഇതേ ഷെഡ്യൂൾ പ്രകാരം ഉണ്ട്. മുൻകൂർ തുക നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി രജിസ്റ്ററുകൾ കാലികമാക്കേണ്ടതാണ്.

3. പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭിച്ച തുകകളെല്ലാം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ടി തുകകൾ തിരികെ നൽകുന്ന മുറക്ക് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/20-21/07.12.21-ന് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് മറുപടി ലഭിച്ചു.

## 1-12 ഡി&ഒ ലൈസൻസ് - ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തിയില്ല, ലൈസൻസ് ഫീസിന്റെ മാനദണ്ഡം വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ച് പ്രാബല്യത്തിൽ വരുത്തിയതായി ഭരണസമിതി തീരുമാനമെടുക്കുകയോ ബൈലോ തയ്യാറാക്കുകയോ മറ്റോ ചെയ്തതായി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച അപേക്ഷകളിൽ മിക്കവയും മൂലധന നിക്ഷേപം രേഖപ്പെടുത്താത്തവയാണ്. ഇത്തരം അപേക്ഷകർക്കും വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അനുവദിച്ച 300 മുതൽ 325 വരെയുള്ള 25 ലൈസൻസുകളിൽ തന്നെ 21 എണ്ണത്തിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ, മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിന്മേൽ ഫീസ് നിർണ്ണയിച്ചത് എന്ത് മാനദണ്ഡപ്രകാരമാണ് എന്നത് വ്യക്തമല്ല. മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകർക്ക് ലൈസൻസ് അനുവദിച്ചതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ലൈസൻസ് നം | ലൈസൻസ് ഫീസ്, ഉദ്ദേശം |
|---|---|---|
| 1 | 301/2020-21/J1/5151/22.12.2020 | 500/- രൂപ. കണ്ണട വിൽപ്പന നടത്തുന്നതിന് |
| 2 | 311/2020-21/J1/7074/05.01.2021 | 300/- രൂപ. പലചരക്ക് കച്ചവടം നടത്തുന്നതിന് |
| 3 | 313/2020-21/J1/7568/08.01.2021 | 500/- രൂപ. റെഡിമെയ്ഡ് ഡ്രസ്സ് സ്റ്റോക്ക്, വിൽപ്പന നടത്തുന്നതിന് |
| 4 | 322/2020-21/J1/7756/14.01.2021 | 500/- രൂപ. വാഹനത്തിന്റെ ടയർ വർക്ക് നടത്തുന്നതിന് |
| 5 | 324/2020-21/J1/4777/18.01.2021 | 500/- രൂപ. ബേക്കറി കൂൾബാർ നടത്തുന്നതിന് |

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 03/2020-21/04.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അടുത്ത ഭരണസമിതി യോഗത്തിൽ മേൽ വിഷയം അജണ്ടയിലുൾപ്പെടുത്തി തീരുമാനമെടുക്കുന്നതാണെന്നറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല- അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അതാത് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതികൾ ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ഹോട്ടൽ റൺവേ (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം 11 പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ്) | I, II |
| 2 | ക്രസന്റ് ഹാർഡ് വേർ& സ്റ്റീൽസ് (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം 13 പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ്) | II, II |
| 3 | ക്രസന്റ് ഹാർഡ് വേർ& സ്റ്റീൽസ് (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം 11 പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ്) | II, II |
| 4 | സൂം ഔട്ട് പ്രിന്റിംഗ് (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം 5 പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ്) | I, II |
| 5 | എൻ. സി പെട്രോളിയം പമ്പ് (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം 6 പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ്) | I, II |
| 6 | ഹോട്ട് ബേക്കറി-മേലേ ചേളാരി (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം 5 പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ്) | I, II |
| 7 | യു&കോ ഇന്റക്സ് ഹബ് (ഡി&ഒ ലൈസൻസ് അപേക്ഷ പ്രകാരം 6 പേർ ജോലി ചെയ്യുന്ന സ്ഥാപനമാണ്) | I, II |
| 8 | പി.വി ദിനേശൻ കാന്റീൻ | I, II |

2)ചുവടെ ചേർത്ത സ്ഥാപനത്തിന്റെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഒടുക്കിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

ബി.എസ്.എൻ.എൽ മലപ്പുറം- II അർദ്ധ വർഷം. Rs.2500/-

3) തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ ഡ്രൈവറുടെ I, II അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 09/2020-21/06.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾ/ജീവനക്കാർ അതാത് തൊഴിൽ നികുതികൾ അടവാക്കിയിട്ടില്ലാത്തതിനാൽ അവ ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്നും റിട്ടേണുകൾ പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരവും തൊഴിൽ നികുതി ഈടാക്കി അക്കാര്യവും അറിയിക്കേണ്ടതാണ്.

## 1-14 ഹരിതം മധുരം സെയിൽസ് ഔട്ട്ലറ്റുകൾ - തുടർനടപടി സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 750000 രൂപ ചെലവഴിച്ച് നിർമ്മിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച, അഞ്ച് 'ഹരിതം മധുരം' സെയിൽസ് ഔട്ട്ലറ്റുകളിൽ നിന്നുള്ള വാടക വരവ് ലഭ്യമാകാത്തതും വാടക എഗ്രിമെന്റോ ബൈലോയോ ഹാജരാക്കാത്തത് സംബന്ധിച്ചും 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

ആയതിൻമേൽ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2015 മുതൽ കൃത്യമായി വാടക അടവാക്കുന്നില്ല എന്ന് കണ്ടെത്തിയതിൽ കുടിശ്ശിക തുകകൾ അഡ്വാൻസിൽ നിന്നും അഡ്ജസ്റ്റ് ചെയ്ത് പിരിഞ്ഞ് കിട്ടാൻ സാധ്യതയില്ലാത്ത കുടിശ്ശിക തുകകൾ എഴുതി തള്ളുന്നതിനും എഗ്രിമെന്റ് വെക്കാത്ത കാലത്തെ വാടക ഡിമാന്റ് തുക 2017-18 വാർഷിക കണക്കിൽ നിന്നും ഒഴിവാക്കുന്നതിനും, ഹൈവേയിലോ മറ്റ് റോഡരികിലോ സ്ഥാപിക്കുന്നതിന് നിയമാനുസൃതം അനുമതി ലഭ്യമായ ബങ്കുകൾ/ഔട്ട്ലറ്റുകൾ പുതുതായി പരസ്യ ലേലം ചെയ്യുന്നതിനും ഉപയോഗ്യമല്ലാത്തവയുടെ അവശിഷ്ടങ്ങൾ കസ്റ്റഡിയിലെടുത്ത് പരസ്യ ലേലം ചെയ്ത് കയ്യൊഴിയുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.04.2018ലെ 9/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു.

മേൽ ഔട്ട്ലറ്റുകൾ സ്ഥാപിച്ചത് മുതൽ തന്നെ KSEB, NH, University തുടങ്ങിയവയുടെ അനുമതിയില്ലാതെ മേൽ സ്ഥാപനങ്ങളുടെ സ്ഥലത്തോ/സമീപത്തോ ബങ്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച പരാതികൾ ഉയർന്നതിനാലും മറ്റും

ഇവയുടെ സുഖകരമായ പ്രവർത്തനത്തിന് തടസ്സം നേരിട്ടതിൽ മൂന്ന് എണ്ണം വാടകക്കെടുത്തവർ പ്രവർത്തനം നിർത്തുകയും മറ്റ് രണ്ടെണ്ണം കരാർ പുതുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നതായും 2017-18 വരെ മേൽ അഞ്ച് ബങ്കുകളിൽ നിന്നുമായി ആകെ 449147 രൂപ മാത്രമാണ് വരവ് ലഭിച്ചതെന്നും ഇതിന്മേൽ അന്വേഷണം നടത്തിയ ക്ലർക്ക് 30.09.2019ന് റിപ്പോർട്ട് ചെയ്തിരുന്നു. ശേഷം 02.11.19ൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം അന്ന് പ്രവർത്തിച്ച് വരുന്ന ബങ്കുകളുടെ വിശദാംശങ്ങൾ വാർഡ് ക്ലർക്ക് ലഭ്യമാക്കിയത് പ്രകാരം മേൽ അഞ്ച് ബങ്കുകളിൽ 2 എണ്ണം ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ ചേളാരി ജംഗ്ഷനിലും(കരാർ 2016-17ൽ അവസാനിച്ചത്) കോഹിനൂർ ചർച്ചിനടുത്തും (കരാർ 2015-16ൽ അവസാനിച്ചത്) പ്രവർത്തിക്കുന്നതായി അറിയിച്ചു. ഒരു ബങ്ക് തകരാറുകൾ പരിഹരിച്ച് പ്രവർത്തന യോഗ്യമാക്കാവുന്നതാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

27.11.2019ലെ 10 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അനധികതമായി പ്രവർത്തിച്ച് വരുന്ന ബങ്കുകൾ പിടിച്ചെടുത്ത് ലേലനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ഇവ ദേശീയ പാതയോരത്ത് പ്രവർത്തിപ്പിക്കുന്നതിന് അനുമതി തേടിയതിൽ ആയതിന് അനുമതി നൽകാൻ കഴിയില്ല എന്ന്07.02.2020ന് PWD NH വിഭാഗം അറിയിച്ചു. 11.03.2020ലെ 10(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം PWD NH വിഭാഗത്തിന്റെ അനുമതി ലഭ്യമാകാത്തതിനാലും ടി ബങ്കുകൾക്ക് KSEB കറന്റ് കണക്ഷൻ ലഭിക്കില്ല എന്നറിവായതിനാലും തുടർനടപടി സ്വീകരിക്കുന്നതിന് വിശദമായി ചർച്ച ചെയ്യുന്നതിന് അടുത്ത യോഗത്തിലേക്ക് മാറ്റി വെക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ തീരുമാനമെടുത്ത് ഒരു വർഷം കഴിഞ്ഞിട്ടും നാളിതു വരെ യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല എന്നത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/2020-21/04.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 മരുന്നുകൾ ലഭ്യമാവാത്തത്

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന മരുന്ന് വാങ്ങൽ പദ്ധതികളിൽ മരുന്നുകൾ ഇനിയും ലഭിക്കാൻ അവശേഷിക്കുന്നു.

1. 147/21 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

റോഡിതര മെയിന്റനൻസ് ഗ്രാന്റ് 2,00,000 രൂപ ബിൽ നമ്പർ 06/31.10.20 പ്രകാരം പിൻവലിച്ച് കെ.എം.എസ്.സി.എല്ലിന് നല്കിയിട്ടുണ്ട്. ഇതുവരെ ലഭിച്ച മരുന്നുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 1 | 2271/6.2.21 | 20,963 |
| 2 | 30354/14.7.21 | 29,387 |
| 3 | 4382/31.7.21 | 19,218 |
| 4 | 7333/14.10.21 | 12,869 |
| 5 | 729/14.10.21 | 3,183 |
| | ആകെ | 85,620 |

1,14,380 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാവാൻ അവശേഷിക്കുന്നു.

2. 146/21 പരിരക്ഷ പാലിയേറ്റിവ് കെയർ

7,00,000 രൂപ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയിൽ 2,00,000 രൂപ മരുന്ന് വാങ്ങുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. Bill No. 7/30.01.21. എന്നാൽ ഓഡിറ്റ് തിയതി വരെയും മരുന്നുകൾ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

ഇങ്ങനെ തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കെ.എം.എസ്.സി.എൽ നിന്നും മുഴുവൻ മരുന്നുകളും സ്ഥാപനത്തിന് ലഭ്യമായിട്ടില്ല. 4.02.2018 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 22/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തീരാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.3 ൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹോംകോ, കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങാൻ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.സർക്കാർ നിർദ്ദേശം പാലിച്ച് മേൽ സ്ഥാപനങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകുന്ന ആരോഗ്യ സ്ഥാപനങ്ങൾക്ക് യഥാ സമയം മരുന്നുകൾ ലഭ്യമാക്കുന്നതിൽ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നത് ആരോഗ്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നു. പർച്ചേസ് ഓർഡർ നൽകുന്ന മരുന്നുകൾ സമയബന്ധിതമായി ലഭിക്കാത്തത് മൂലം സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ താഴെ

പറയുന്ന അപാകതകളുണ്ടാകുന്നു.

1. സാമ്പത്തിക വർഷാരംഭത്തിൽ സ്റ്റോക്ക് തിട്ടപ്പെടുത്തി തൻവർഷം വാങ്ങേണ്ട മരുന്നുകളുടെ ഇന്റന്റ് കൃത്യതയോടെ തയ്യാറാക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല. മരുന്നുകളുടെ മുൻബാക്കി ലഭിക്കുന്നതിലെ അനിശ്ചിതത്വമാണ് അപാകതക്ക് കാരണമാകുന്നത്.

2.അടിയന്തിരമായി ലഭ്യമാക്കേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. ഉദാ: പെയിൻ & പാലിയേറ്റീവ് പദ്ധതി പ്രകാരമുള്ള 2,00,000 രൂപയുടെ പർച്ചേസ് ഓർഡറിൽ ഉൾപ്പെട്ട മരുന്നുകൾ ഓഡിറ്റ് തീയതി വരെയും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. കാലതാമസം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.4 ൽ കെ.എം.എസ്.സി.എൽ ന് ഇൻഡന്റ് നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ അടിയന്തിര സാഹചര്യം മറികടക്കുന്നതിന് കാരുണ്യ/നീതി/ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മേൽ മാർഗ്ഗം പരിഗണിക്കാവുന്നതാണ്.

ഓഡിറ്റ് അന്വേഷണത്തിന് (01/20-21/02.12.21) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാവുന്നമുറക്ക് സ്റ്റോക്കിലെടുത്ത് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-16 ലാപ് ടോപ്പ് വാങ്ങൽ - അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നല്കിയിട്ടുണ്ട്.

| പദ്ധതി | ബിൽ നമ്പർ | തുക | ടാക്സ് ഇൻവോയ്സ്/ തുക |
|---|---|---|---|
| 24/21(SO)പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം | 02/14.05.20 | 4,54,060 17 എണ്ണം | RV200105008542/ 30.11.20 =436927 |
| 273/21പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം | 15/06.03.21 | 4,62,893 20 എണ്ണം | PYSI21021595/ 19.8.21 =445091.28 |

അപാകതകൾ

1. മേൽ ഇൻവോയ്സുകൾ പ്രകാരം യഥാക്രമം 4,36,927 രൂപയും 4,45,091.28 രൂപയുമാണ് നല്കേണ്ടത്. പകരം മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് നല്കിയതുവഴി 34,934.72 (17,133 + 17,801.72 ) അധികം നല്കിനിടയായിട്ടുണ്ട്. ഇക്കാര്യം സൂചിപ്പിച്ച് അസിസ്റ്റന്റ് സെക്രട്ടറി നല്കിയ 07-09-2021ലെ എസ്2-7229/21 നമ്പർ കത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കുകയോ തുക പഞ്ചായത്തിന് തിരിച്ചേൽപ്പിക്കുകയോ ചെയ്തിട്ടില്ല. അധികം നല്കിയ തുക തിരിച്ചീടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. അർഹതയില്ലാത്ത വിദ്യാർത്ഥിക്കും ലാപ് ടോപ്പ് അനുവദിച്ചു. (Project 273/21)

| പേരും മേൽവിലാസവും | കോഴ്സ് | സ്ഥാപനം |
|---|---|---|
| സുഖിൽ ഇ.കെ, S/oസുബ്രഹ്മണ്യൻ, നണ്യാർകളം | Mechanic Motor Vehicle Trade | ITI Elathur |

| | | | |
|---|---|---|---|
| | വീട്, തേഞ്ഞിപ്പാലം | | |

14.02.2018 ലെ സ.ഉ(കൈ)22/2018/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.2.8 ൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിങ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ബിരുദം, ബിരുദാനന്തരബിരുദം), ചാർട്ടേഡ് അക്കൌണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ /എയ്ഡഡ് *സ്വാശ്രയ സ്ഥാപനങ്ങളിലോ സർക്കാർ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി*പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നല്കുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ മേൽ ഗുണഭോക്താവ് ഐ.ടി.ഐ. എലത്തൂർ എന്ന സ്ഥാപനത്തിൽ Mechanic Motor Vehicle Trade പഠിക്കുന്ന വിദ്യാർത്ഥിയാണ്

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (03/20-21 /03.12.21) അർഹതയില്ലാത്ത കുട്ടിക്ക് നല്കിയ ലാപ്ടോപ്പ് തിരിച്ച് വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - അധികം നല്കിയ തുക തിരിച്ചീടാക്കേണ്ടതാണ്

തനത് ഫണ്ട് 1,80,000 രൂപ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയിൽ കെൽട്രോൺ നല്കിയ പ്രൊഫോർമ ഇൻവോയ്സ് TVM/ITBG/PI/RC/21638/20-21 Dated 22.2.21 അനുസരിച്ച് 1,59,188/- രൂപ വൗച്ചർ 22000791/26.2.21 പ്രകാരം പിൻവലിച്ച് നല്കുകയുണ്ടായി. എന്നാൽ എയ്സർ ടാക്സ് ഇൻവോയ്സ് PYS121015249/20.7.21പ്രകാരം 1,53,064.88 രൂപയെ നല്കേണ്ടതുള്ളൂ. 6,124 രൂപ അധികം നല്കാനിടയായിട്ടുണ്ട്.

അധികം നല്കിയ തുക തിരിച്ചീടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (05/20-21/06.12.2021)

## 1-18 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗവിവരങ്ങൾ

2020-21 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് തുകയിൽനിന്നും നിക്ഷേപിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രവർത്തികളുടെ വിനിയോഗ വിവരങ്ങൾ/പൂർത്തീകരണവിവരങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് കാണുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് | വൌച്ചർ, ബിൽ, ചെക്ക് നമ്പർ | തുക |
|---|---|---|---|
| 1 | 158/21വില്ലുന്നിയാൽ കല്ലുവളപ്പിൽ എലുമ്പിലാശേരി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 26/27.2.21 | 65,000 |
| 2 | 253/21വിളക്കത്രമാട് മുഞ്ഞോളിപ്പടി റോഡ് KWAപൈപ്പ് ലൈൻ നീട്ടൽ | 02/27.05.20 | 3,00,000 |
| 3 | 255/21ചാപ്പപ്പാറ ഈങ്ങപ്പള്ളിയാളി KWAലൈൻ നീട്ടൽ | 01/15.05.20 | 1,50,000 |
| 4 | 257/21നേതാജി റോഡ് KWAപൈപ്പ് ലൈൻ സ്ഥാപിക്കൽ | 04/15.05.20 | 1,50,000 |
| 5 | 271/21ആലുങ്ങൽ നെടുമ്പള്ളി റോഡിൽ KWAപൈപ്പ് ലൈൻ സ്ഥാപിക്കൽ | 03/15.05.20 | 1,00,000 |
| | ആകെ | | 7,65,000 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. (ഓഡിറ്റ് എൻക്വയറി 06/20-21/06.12.2021). ചെലവ് തുക തടസ്സം ചെയ്യുന്നു.

ഇതു കൂടാതെ ഗ്രാമപഞ്ചായത്തിന്റെ 2020-21-ലെ ബാലൻസ് ഷീറ്റ് പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് വിവിധ വർഷങ്ങളിൽ അഡ്വാൻസ് നൽകിയ വകയിൽ ആകെ 1,22,97,500/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ്

രജിസ്റ്ററിൽ വിവിധ വർഷങ്ങളിലായി താഴെ പറയുന്ന തുകകൾ നൽകിയതായി കാണുന്നു.

| ക്രമ നം | വർഷം | നൽകിയ തുക |
|---|---|---|
| 1 | 2020-21 | 765000 |
| 2 | 2019-20 | 400000 |
| 3 | 2018-19 | 20,50,000 |
| 4 | 2017-18 | 7612500 |
| 5 | 2016-17 | - |
| 6 | 2015-16 | - |
| 7 | 2014-15 | 720000 |
| 8 | 2013-14 | 180000 |
| | ആകെ | 1,17,27,500 |

*(കുറിപ്പ് : ബാലൻസ് ഷീറ്റിലെയും, രജിസ്റ്ററിലെയും തുകകൾ തമ്മിൽ പൊരുത്തക്കേടുണ്ട്. ഈ വസ്തുത അക്കൗണ്ട്സ് അപാകതയായി സൂചിപ്പിച്ചിട്ടുണ്ട്)*

കേരള വാട്ടർ അതോറിറ്റിക്ക് അഡ്വാൻസ് ആയി നൽകുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതികൾ പൂർത്തീകരിക്കുന്ന മുറക്ക് KWA-യിൽ നിന്നും വിനിയോഗ സാക്ഷ്യത്രം ലഭ്യമാക്കേണ്ടതാണ്. മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാണെങ്കിൽ അവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/20-21/09.12.21-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-19 വിശദമായ വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 8,00,000 |
| പ്രൊജക്ട് | 2/21 SSA വിഹിതം അടവാക്കൽ |
| ചെലവ് | ബിൽ 14/28.8.20 |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി 2020-21 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടിൽ മേൽ ബിൽ പ്രകാരം പിൻവലിച്ച് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകക്കുള്ള കൈപ്പറ്റ്, വിശദമായ വിനിയോഗവിവരങ്ങൾ എന്നിവ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല.

മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 07/20-21/06.12.2021) വിശദമായ വിനിയോഗവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-20 തെരുവ് വിളക്ക് സ്ഥാപിക്കൽ - നിർവഹണത്തിലെ അപാകതകൾ

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്ക് സംബന്ധിച്ച് പദ്ധതികൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ചെലവഴിച്ച തുക | ഫണ്ടിനം | എണ്ണം | ബിൽ/വൌച്ചർ നമ്പർ, തിയതി |
|---|---|---|---|---|---|
